LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

298 (2854) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) ഈ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് 2013-2014, 2014-2015 കാലയളവിൽ പട്ടികജാതി വകുപ്പിൽനിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചെലവഴിച്ച തുകയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ ; അനുവദിച്ച തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി&സി) അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ 2014-15 വർഷത്തെ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2013-14 വർഷത്തിൽ ചില ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം അന്തേവാസികളില്ലാത്തതുകൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

പട്ടികജാതി വിഭാഗക്കാർക്കുള്ള ഭൂമി വിതരണം

299 (2855) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് 2014-ൽ വിതരണം ചെയ്ത ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് അവർ അധിവസിക്കുന്ന ജില്ല വിട്ട് മറ്റ് ജില്ലകളിലേക്ക് ഭൂമി കണ്ടെത്തി നൽകുന്നത് പ്രസ്തുത വിഭാഗക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) 2014-ലെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ അപേക്ഷകളുടെ കണക്ക് ജില്ല തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-2014-ൽ 6290 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ആകെ 9266.394 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു:

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	ഭൂവിസ്തൃതി
(1)	(2)	(3)
തിരുവനന്തപുരം	750	1487.50
കൊല്ലം	676	721.00
പത്തനംതിട്ട	251	261.50
ആലപ്പുഴ	391	232.00
കോട്ടയം	273	649.50
ഇടുക്കി	326	246.50
എറണാകുളം	693	568.50
തൃശ്ശൂർ	717	544.00

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
പാലക്കാട്	864	2910.27
മലപ്പുറം	549	357.00
കോഴിക്കോട്	471	522.06
വയനാട്	78	423.06
കണ്ണൂർ	149	218.00
കാസർഗോഡ്	102	125.50
ആകെ	6290	9266.39

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് സ്വന്തം ഇഷ്ടപ്രകാരമാണ് ഭൂമി കണ്ടെത്തുന്നത്. ഇങ്ങനെ കണ്ടെത്തുന്ന ഭൂമി വാങ്ങുന്നതിന് അതാത് ജില്ലകളിൽ നിന്നാണ് ധനസഹായം അനുവദിക്കുന്നത്.

(സി) 2013-14-ലെ ഭൂരഹിതരായ പട്ടികജാതിക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	അപേക്ഷകരുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	750
കൊല്ലം	2645
പത്തനംതിട്ട	450

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ആലപ്പുഴ	456
കോട്ടയം	306
ഇടുക്കി	983
എറണാകുളം	1413
തൃശ്ശൂർ	3717
പാലക്കാട്	863
മലപ്പുറം	832
കോഴിക്കോട്	721
വയനാട്	235
കണ്ണൂർ	165
കാസർഗോഡ്	656
ആകെ	14192

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

300 (2856) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;